"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - ചാലക്കുടി അഗ്നിരക്ഷാ നിലയത്തിലെ ജീപ്പ്(KL 01 BS 7808) എന്ന 2015 മോഡൽ മഹീന്ദ്ര വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ - തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവാകുന്നു.

---

ആഭ്യന്തര(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.2198/2026/HOME തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-
1. 07.08.2017 ലെ സ.ഉ(പി) നം. 102/2017/ധന നമ്പർ ഉത്തരവ്.
2. 23.10.2018 ലെ സ.ഉ(കൈ) നം. 401/2018/ധന നമ്പർ ഉത്തരവ്.
3. അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടർ ജനറലിന്റെ 21.02.2026-ലെ FIREHQ/435/2026-G1നമ്പർ കത്ത്.

<u>ഉത്തരവ്</u>

ചാലക്കുടി അഗ്നിരക്ഷാ നിലയത്തിലെ KL 01 BS 7808 എന്ന 2015 മോഡൽ മഹീന്ദ്ര ജീപ്പിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 55,133/-രൂപയും, ആകസ്മിക ചെലവിനത്തിൽ 167/-രൂപയും ചേർത്ത് ആകെ 55,300/- (അൻപത്തി അഞ്ചായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയുടെ ധനാനുമതി നൽകണമെന്ന് ഡയറക്ടർ ജനറൽ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2)ലെ ധനവിനിയോഗ അധികാരത്തിന്റെ അടിസ്ഥാനത്തിൽ KL 01 BS 7808 എന്ന 2015 മോഡൽ മഹീന്ദ്ര ജീപ്പിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 55,133/- രൂപയും, ആകസ്മിക ചെലവിനത്തിൽ 167/- രൂപയും ചേർത്ത് ആകെ 55,300/- (അൻപത്തി അഞ്ചായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ '2070-ഒ.എ.എസ്.108-അഗ്നിപ്രതിരോധവും നിയന്ത്രണവും-98-പ്രതിരോധവും നിയന്ത്രണവും-1-ജില്ലാ ജീവനക്കാർ-21-മോട്ടോർ വാഹനങ്ങൾ-2-അറ്റകുറ്റപ്പണികളും സംരക്ഷണവും' (നോൺ പ്ലാൻ) എന്ന കണക്ക്

ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ധനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REGHUVARAN S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാസേവനവകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 02-07-2026 14:44:24